# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂൺ 18

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

രണ്ടാം സെമസ്റ്റർ എം.എസ്‌സി. ഹോം സയൻസ് (സി.എസ്.എസ്.-2018 അഡ്മിഷൻ റഗുലർ/2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/ 2012, 2013, 2014 അഡ്മിഷൻ മേഴ്‌സി ചാൻസ് - അഫിലിയേറ്റഡ് കോളേജുകൾ മാത്രം) ബ്രാഞ്ച് X A - ചൈൽഡ് ഡെവലപ്‌മെന്റ് ആന്റ് ബിഹേവിയറൽ സയൻസിലെ 'എജ്യൂക്കേഷൻ ഓഫ് ചിൽഡ്രൻ വിത്ത് സ്‌പെഷൽ നീഡ്‌സ് - I, ചൈൽഡ് റൈറ്റ്‌സ് ആന്റ് വെൽഫെയർ, മെന്റൽ ഹെൽത്ത് ഇൻ ഡെവലപ്‌മെന്റൽ പെർസ്‌പെക്ടീവ്, റിസർച്ച് മെതേഡ്‌സ് ആന്റ് സ്റ്റാറ്റിസ്റ്റിക്‌സ് എന്നീ വിഷയങ്ങളുടെ പരീക്ഷ യഥാക്രമം ജൂലൈ രണ്ട്, നാല്, എട്ട്, 10 തീയതികളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1120/2019)

## പുതുക്കിയ പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെയും സീപാസിലെയും രണ്ടാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2018 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ മുതൽ സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷകൾ ജൂലൈ അഞ്ചുമുതൽ നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1121/2019)

രണ്ടാം സെമസ്റ്റർ എം.എഡ്. (ദ്വിവത്സരം - 2018 അഡ്മിഷൻ റഗുലർ/2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ അഞ്ചുമുതൽ ആരംഭിക്കുന്നതിനായി പുതുക്കി നിശ്ചയിച്ചു. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1122/2019)

## പ്രാക്ടിക്കൽ

2019 മെയിൽ നടത്തിയ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്./സി.ബി.സി.എസ്.എസ്. (റഗുലർ/ഇംപ്രൂവ്‌മെന്റ്/റീഅപ്പിയറൻസ്), നാലാം സെമസ്റ്റർ സി.ബി.സി.എസ്. (റഗുലർ) - ബി.എ. കഥകളി-ചെണ്ട, മദ്ദളം കോഴ്‌സുകളുടെ പ്രാക്ടിക്കൽ ജൂൺ 24 മുതൽ 28 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1123/2019)

നാലാം വർഷ ബി.ഫാം (2015 അഡ്മിഷൻ റഗുലർ/2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്‌സി ചാൻസ് - സ്‌പെഷൽ മേഴ്‌സി ചാൻസ് 2018-അദാലത്ത്) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 28 മുതൽ ജൂലൈ ആറുവരെ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1124/2019)

നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ) റീഅപ്പിയറൻസ് ബി.എസ്‌സി. ഫിസിക്‌സ് മോഡൽ I, II, III മാർച്ച് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 20, 21, 24 തീയതികളിൽ നടക്കും. ബി.എസ്‌സി. കെമിസ്ട്രി, മാത്തമാറ്റിക്‌സ് ബിരുദ വിദ്യാർഥികളുടെ കോംപ്ലിമെന്ററി ഫിസിക്‌സ് പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 20, 21 തീയതികളിലും ബി.എസ്‌സി. ഫിസിക്‌സ് ബിരുദ വിദ്യാർഥികളുടെ ഫിസിക്‌സ് കോർ പ്രാക്ടിക്കൽ ജൂൺ 24നും മണർകാട് സെന്റ് മേരീസ് കോളേജിൽ നടക്കും. രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ ഹാൾടിക്കറ്റുമായി എത്തണം. ബി.എസ്‌സി. ഫിസിക്‌സ് മോഡൽ III ഇ.ഇ.എം.

കോഴ്സിന്റെ പ്രാക്ടിക്കലിന് രജിസ്റ്റർ ചെയ്തവർ ജൂൺ 21ന് എടത്വാ സെന്റ് അലോഷ്യസ് കോളേജിൽ ഹാൾടിക്കറ്റുമായി എത്തണം.

(പി.ആർ.ഒ./39/1125/2019)

നാലാം സെമസ്റ്റർ (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്-സി.ബി.സി.എസ്.എസ്.) ബി.എസ്‌സി. ബോട്ടണി മാർച്ച് 2019 പരീക്ഷയുടെ കോർ ആന്റ് കോംപ്ലിമെന്ററി പ്രാക്ടിക്കൽ ജൂൺ 21ന് പാലാ സെന്റ് തോമസ് കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1126/2019)

നാലാം സെമസ്റ്റർ (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്-സി.ബി.സി.എസ്.എസ്.) ബി.എസ്‌സി. സുവോളജി മാർച്ച് 2019 പരീക്ഷയുടെ കോർ ആന്റ് കോംപ്ലിമെന്ററി പ്രാക്ടിക്കൽ ജൂൺ 24ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1127/2019)

## വൈവാവോസി

നാലാം സെമസ്റ്റർ എം.എസ്‌സി. ടെക്സ്റ്റൈൽ ആന്റ് ഫാഷൻ (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ് - സി.എസ്.എസ്.) മേയ് 2019 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വൈവാവോസിയും ജൂൺ 21ന് ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1128/2019)

## സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസിൽ എം.എസ്‌സി. ബയോകെമിസ്ട്രിയിൽ പട്ടികവർഗ വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന അസൽ രേഖകളുമായി ജൂൺ 20ന് രാവിലെ 10ന് പഠനവകുപ്പിൽ എത്തണം.

(പി.ആർ.ഒ./39/1129/2019)

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ 2019-21 വർഷത്തെ എം.എസ്‌സി. സൈക്കോളജിയിൽ പട്ടികവർഗ വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. അർഹരായവർ അസൽ രേഖകളുമായി ജൂൺ 22ന് രാവിലെ 10ന് വകുപ്പുമേധാവിയുടെ മുമ്പാകെ എത്തണം. ഫോൺ: 0481-2731034.

(പി.ആർ.ഒ./39/1130/2019)

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഒരു വർഷ എൽ.എൽ.എം. കോഴ്സിന് എസ്.ടി. വിഭാഗത്തിൽ ഒരൊഴിവുണ്ട്. വിദ്യാർഥികൾ യോഗ്യത തെളിയിക്കുന്ന അസൽ രേഖകളുമായി ജൂൺ 20ന് രാവിലെ 10ന് സ്കൂൾ ഓഫീസിൽ എത്തണം. ഫോൺ: 0481-2310165.

(പി.ആർ.ഒ./39/1131/2019)

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സിൽ 2019-21 ബാച്ചിലെ എം.എ. ഇംഗ്ലീഷ് പ്രോഗ്രാമിൽ പട്ടികവർഗ വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായവർ അസൽ രേഖകളുമായി ജൂൺ 20ന് രാവിലെ 11ന് പഠനവകുപ്പിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731041.

(പി.ആർ.ഒ./39/1132/2019)

## അഞ്ചാം സെമസ്റ്റർ യു.ജി. സപ്ലിമെന്ററി കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പ് ഇന്നു മുതൽ (ജൂൺ 19)

അഞ്ചാം സെമസ്റ്റർ യു.ജി. സപ്ലിമെന്ററി പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പ് ഇന്നു മുതൽ (ജൂൺ 19) സർവകലാശാല സിൽവർ ജൂബിലി പരീക്ഷഭവനിലെ 511-ാം നമ്പർ മുറിയിൽ ആരംഭിക്കും. അറിയിപ്പ് ലഭിച്ച അധ്യാപകർ കൃത്യസമയത്ത് ക്യാമ്പിൽ എത്തണം.

(പി.ആർ.ഒ./39/1133/2019)

## അഞ്ചാം സെമസ്റ്റർ സ്പെഷൽ സപ്ലിമെന്ററി മൂല്യനിർണയ ക്യാമ്പ് ഇന്നു മുതൽ (ജൂൺ 19)

അഞ്ചാം സെമസ്റ്റർ സ്പെഷൽ സപ്ലിമെന്ററി മെയ്/ജൂൺ 2019 പരീക്ഷയുടെ മൂല്യനിർണയ ക്യാമ്പ് ഇന്നു മുതൽ (ജൂൺ 19) 22 വരെ സർവകലാശാല സിൽവർ ജൂബിലി പരീക്ഷഭവനിലെ റൂം നമ്പർ 501ൽ നടക്കും.

(പി.ആർ.ഒ./39/1134/2019)

## കോളേജ് പ്രിൻസിപ്പൽമാരുടെ യോഗം 22ന്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ സംയുക്തയോഗം ജൂൺ 22ന് രാവിലെ 10.30ന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടക്കും. പ്രിൻസിപ്പൽമാർ നിർബന്ധമായും പങ്കെടുക്കണമെന്ന് വൈസ് ചാൻസലർ അറിയിച്ചു.

(പി.ആർ.ഒ./39/1135/2019)

## അലത്താളം 2019; ഗ്രേസ് മാർക്കിന് ജൂൺ 30 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാല കലോത്സവ വിജയികളുടെ (അലത്താളം-2019) ഗ്രേസ് മാർക്കിന് പിഴയില്ലാതെ ജൂൺ 30 വരെ അപേക്ഷിക്കാം. അപേക്ഷഫോമും വിശദവിവരങ്ങളും സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1136/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ